പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4077 24.08.2017 ൽ മറുപടിയ്ക്ക്

## വിമുക്തിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.സ്വരാജ്<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരായ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി 'Wall against Drugs' എന്ന പേരിൽ ഓരോ സ്കൂളുകളിലേയും ചുമരുകളിൽ വിദ്യാർത്ഥികൾ മുഖാന്തിരം ലഹരി വിരുദ്ധ ചിത്ര രചന നടത്തിയിട്ടുണ്ട്. കൂടാതെ സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരി വിരുദ്ധസന്ദേശ മടങ്ങിയ പോസ്റ്റർ തയ്യാറാക്കി പതിക്കൽ, ലഹരി വിരുദ്ധ ക്ലബ്ബ് അംഗങ്ങൾക്കായുള്ള ക്വിസ്സ് മത്സരം, സ്പോർട്ട്സ് ആക്ടിവിറ്റി മത്സരങ്ങൾ, ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പ ശാല, ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കൈയ്യുറ, പാവ നാടകം, വിമുക്തി തീം സോംഗ് തയ്യാറാക്കൽ, വിഷ്വൽ മീഡിയാ പരസ്യങ്ങൾ, എഫ്.എം. റേഡിയോ വഴിയുള്ള ലഹരി വിരുദ്ധ സ്പോൺസേർഡ് പ്രോഗ്രാം, പാതയോരങ്ങളിൽ വിമുക്തി ഹോർഡിംഗ് സ്ഥാപിക്കൽ, ആദിവാസി - തീരദേശ മേഖലകളിൽ പ്രത്യേക ബോധവത്ക്കരണ പ്രവർത്തനം, ഔട്ട്റീച്ച് ആക്ടിവിറ്റികൾ, ലൈബ്രറി കൗൺസിൽ മുഖേനയുള്ള ലഹരി |

| | | | |
|---|---|---|---|
| | | | വിരുദ്ധ സദസ്സ്, കെ.എസ്.എഫ്.ഡി.സി.യുടെ സഹകരണത്തോടെ ലഹരിക്കെതിരെ ഷോർട്ട് ഫിലിം നിർമ്മാണം, ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന പോസ്റ്ററുകൾ, ആൽബങ്ങൾ, പരസ്യങ്ങൾ, വീഡിയോകൾ, ആനിമേഷൻ എന്നിവ തയ്യാറാക്കി പ്രചരിപ്പിക്കൽ, ഡിജിറ്റൽ മീഡിയ കാമ്പയിൻ, മോഡൽ കൗൺസിലിംഗ് സെന്റർ, ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡിക്ഷൻ സെന്റർ രൂപീകരണം, അട്ടപ്പാടി ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, എക്സൈസ് വകുപ്പിന് കീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ദേശീയ നിലവാരത്തിലുള്ള ഡി-അഡിക്ഷൻ സെന്റർ സ്ഥാപിക്കൽ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ലഹരി വിരുദ്ധ പ്രവർത്തനം എന്നീ നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 'വിമുക്തി' യുടെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ എല്ലാ വീടുകളിലും സ്റ്റിക്കറുകൾ പതിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (ബി) | 'വിമുക്തി' യുടെ സന്ദേശം എല്ലാ ജനങ്ങളിലുമെത്തിക്കുക എന്ന ലക്ഷ്യത്തോടെ 40 ലക്ഷം വിമുക്തി ബോധവത്ക്കരണ സ്റ്റിക്കറുകൾ തയ്യാറാക്കി കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടുകൂടി സംസ്ഥാനത്തെ 40 ലക്ഷം ഭവനങ്ങളിൽ വിമുക്തി സ്റ്റിക്കറുകൾ പതിപ്പിക്കുന്നതിന് നടപചടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മദ്യത്തിന്റെയും മയക്കമരുന്നുകളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും | (സി) | സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ യുവാക്കളിലും കുട്ടികളിലും മദ്യം, |

| | |
|---|---|
| യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും വ്യാപിപ്പിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | മയക്കുമരുന്ന്, പുകയില തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതു തടയുവാൻ എൻ.എസ്സ്.എസ്സ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യ വർജ്ജന സമിതികൾ, എസ്.പി.സി, വിദ്യാർത്ഥി-യുവജന-മഹിളാ - സന്നദ്ധ – സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതുസമൂഹത്തിലും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപഭോഗവും കർശനമായി ഒഴിവാക്കുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നു. ഇതിന്റെ ഭാഗമായി 1385 സ്കൂൾ/ കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതോടനുബന്ധിച്ച് പി.ടി.എ.കളുമായി ചേർന്ന് എക്സൈസ് കമ്മീഷണർ 365 ഓളം ബോധവത്ക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്.<br>ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളേയും യുവജനങ്ങളേയും ബോധവത്ക്കരിക്കുന്നതിന് പോസ്റ്റർ രചന മത്സരം, ചിത്രരചന മത്സരം, ഷോർട്ട് ഫിലിം പ്രദർശനം, ലഹരി വിരുദ്ധ രചനകൾ ഉൾക്കൊള്ളുന്ന മാഗസിൻ മത്സരം, ക്വിസ്സ് മത്സരം എന്നിവ സംഘടിപ്പിക്കുന്നു. ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളേയും യുവജനങ്ങളേയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മികച്ച പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതാണ്. കോളേജ് തലത്തിൽ എൻ.എസ്സ്.എസ്സ്.മായി സഹകരിച്ച് ലഹരിക്കെതിരെ ബോധവത്ക്കരണ കലാജാഥകളും ശിൽപ്പശാലകളും സംഘടിപ്പിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**